I/67611/2024

ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് അക്കാദമിക് (എ) - ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്- ഇംഗ്ലീഷ് & വർക്ക് പ്ലേസ് സ്കിൽ അദ്ധ്യാപകരുടെ വേതനം - മറ്റ് ഗസ്റ്റ് അദ്ധ്യാപകർക്കു വേതനം അനുവദിക്കുന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗം - അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

അക്കാദമിക്- C3 (ACA)വിഭാഗം

നം: DTETVM/640/2024-C3(ACA) തിരുവനന്തപുരം , തീയതി: 17-02-2024

---

വായന:-1.16.12.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2271/2017/ഉ.വി.വ.

2. 21.07.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.112/2018/ഉ.വി.വ.

3 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻറ് റിസർച്ച് ജോയിൻറ് ഡയറക്ടറുടെ 15.01.2024 ലെ A1/3142/23/SITR നമ്പർ കത്ത്.

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിൽ നടത്തി വരുന്ന ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സ് സിലബസ് സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി 2018-2019 അധ്യയന വർഷത്തിൽ പുതുതായി ഇംഗ്ലീഷ് & വർക്ക് പ്ലേസ് സ്കിൽ എന്ന വിഷയം ഉൾപ്പെടുത്തുകയും ഇതിനായി എല്ലാ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലും ടി വിഷയം പഠിപ്പിക്കുന്നതിനായി ഹയർ സെക്കൻററി അദ്ധ്യാപക തസ്തികയുടെ യോഗ്യതയുള്ള ഒരു അദ്ധ്യാപകനെ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ഏർപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിരുന്നു.

പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിന് നിലവിൽ സ്ഥിരം തസ്തിക നിലവിലില്ലാത്തതിനാൽ ഗസ്റ്റ് ഫാക്കൽറ്റിയെ നിയമിക്കുകകും ടി അദ്ധ്യാപകർക്ക് "2203-00-001-93 പ്ലാൻ" എന്ന ശീർഷകത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻറ് റിസർച്ച് സെൻററിൽ നിന്നും വേതനം നൽകിവരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിലുള്ള ഫണ്ടിൻറെ അപര്യാപ്തതകാരണം അതാത് സ്ഥാപനത്തിലുള്ള മറ്റ് ഗസ്റ്റ് അദ്ധ്യാപകർകരുടെ വേതനം അനുവദിക്കുന്നത് പോലെ ടി അദ്ധ്യാപകരുടെ വേതനവും അതാത് ജിഐഎഫ്ഡി സ്ഥാപനങ്ങളുടെ നിയന്ത്രണ സ്ഥാപനങ്ങളിൽ നിന്നും അനുവദിക്കണമെന്നും ദിവസവേതനത്തിൽ നിയമിക്കപ്പെടുന്ന ഇംഗ്ലീഷ് & വർക്ക് പ്ലേസ് സ്കിൽ അദ്ധ്യാപകരുടെ നിയമന സാധൂകരണം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻറ് റിസർച്ച് കളമശ്ശേരിയിൽ നിർവഹിക്കാമെന്നും സൂചന 3 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. മേൽ വിഷയം വകുപ്പ് പരിശോധിക്കുകയും പ്രസ്തുത അദ്ധ്യാപകരുടെ വേതനം മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണെന്ന് കാണുന്നു.

I/67611/2024

മേൽ സാഹചര്യത്തിൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് ഇംഗ്ലീഷ് & വർക്ക് പ്ലേസ് സ്കിൽ അദ്ധ്യാപകരുടെ വേതനം മറ്റ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം അനുവദിക്കുന്ന "**02-05 wages**" എന്ന ശീർഷകത്തിൽ നിന്നും അതാത് ജിഐഎഫ്ഡി സ്ഥാപനങ്ങളുടെ നീയന്ത്രണ സ്ഥാപനങ്ങളിൽ നിന്ന് അനുവദിക്കുന്നതിനും ഇംഗ്ലീഷ് & വർക്ക് പ്ലേസ് സ്കിൽ അദ്ധ്യാപകരുടെ നിയമന സാധൂകരണം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻറ് റിസർച്ച് കളമശ്ശേരിയിൽ നിർവഹിക്കപ്പെടുന്നതിനുമുള്ള അനുമതി നല്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.

**Rajasree MS**

**DIRECTOR**

സ്വീകർത്താവ്

എല്ലാ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപന മേധാവിമാർക്കും.

(ഡിടിഇ വെബ് സൈറ്റ് വഴി)

**Approval Valid**
**Digitally Approved**
**By**
**......................................**
**Date: 17-02-2024**
**Reason: Approved**

Signed by
Rajasree Ms
Date: 19-02-2024 13:07:31